**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ.എം. ബഷീറിന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1937/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 12.06.2017.

==========================================================================

**പരാമർശം :**
1) 08.03.2010 തീയതിയിലെ സ.ഉ.(സാധാ) നം. 768/2010/തസ്വഭവ.
2) 12.08.2010 തീയതിയിലെ സ.ഉ(സാധാ) നം. 2709/10/തസ്വഭവ.
3) 08.08.2012 തീയതിയിലെ സ.ഉ(സാധാ) നം. 690/12/തസ്വഭവ.
4) 26.08.2016 തീയതിയിലെ സ.ഉ(സാധാ) നം. 2528/16/തസ്വഭവ.
5) ശ്രീ. കെ.എം. ബഷീറിന് നൽകിയ 05.01.2017 തീയതിയിലെ 19231/ഇയു1/12/തസ്വഭവ. നമ്പർ നോട്ടീസ്.
6) നോട്ടീസിന് ശ്രീ. കെ.എം. ബഷീർ നൽകിയ 20.04.2017 തീയതിയിലെ മറുപടി.

**ഉത്തരവ്**

പാലക്കാട് നഗരസഭയുടെ I.H.S.D.P പദ്ധതി പ്രകാരമുള്ള പദ്ധതി തുകയും, ഗുണഭോക്തൃ വിഹിതവും വകമാറ്റിച്ചിലവഴിച്ചതിന് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ.എം. ബഷീറിനെ പരാമർശം ഒന്ന് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. ഇതിനെതിരെ പാലക്കാട് നഗരസഭാ ചെയർപേഴ്സൺ ശ്രീമതി.വി. ദേവയാനിയും, വൈസ് ചെയർമാൻ ശ്രീ. റ്റി. അബ്ദുൽ അസീസും കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 16977/2010-ലെ 27.07.2010 ലെ ഇടക്കാല വിധി പരിഗണിച്ച് ശ്രീ. കെ.എം.ബഷീറിനെ പരാമർശം രണ്ട് പ്രകാരം സർവ്വീസിൽ തിരിച്ചെടുത്തു. ശ്രീ. കെ.എം ബഷീർ 18.08.2010 തീയതിയിൽ തിരികെ സർവ്വീസിൽ പ്രവേശിച്ചു. ടിയാനെതിരായ അച്ചടക്ക നടപടി പരാമർശം മൂന്ന് പ്രകാരം തീർപ്പാക്കി.

2. ശ്രീ. കെ. എം. ബഷീറിന്റെ 08.03.2010 മുതൽ 11.08.2010 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും അലവൻസുകളും ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തി, എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി കണക്കാക്കി ക്രമീകരിക്കാനും 12.08.2010 മുതൽ ടിയാൻ ജോലിയിൽ തിരികെ പ്രവേശിച്ചതു വരെയുള്ള കാലയളവ് പ്രവേശനകാലമായോ, അർഹവും അനുവദനീയവുമായ അവധിയായോ, ഇവ രണ്ടുമായോ കെ.എസ്.ആർ.

ഭാഗം 1 ചട്ടം 56 ബി(9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം ക്രമീകരിക്കാൻ സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും ആയത് പരാമർശം അഞ്ച് പ്രകാരം ടിയാനെ അറിയിക്കുകയുമുണ്ടായി. സസ്പെൻഷൻ പിൻവലിച്ച് പുറപ്പെടുവിച്ച ഉത്തരവ് ലഭിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ആയത് ലഭിച്ചതിന്റെ അടുത്ത പ്രവർത്തി ദിവസമായ 18.08.2010 F.N. ൽ താൻ പാലക്കാട് നഗരസഭാ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചെന്നും ആയതിനാൽ 12.08.2010 മുതലുള്ള കാലയളവ് പ്രവേശന കാലാവധിയായി ക്രമീകരിക്കണമെന്നും ശ്രീ. കെ.എം. ബഷീർ പരാമർശം ആറ് പ്രകാരം അപേക്ഷിച്ചു.

4. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും വസ്തുതകളുടെ വെളിച്ചത്തിൽ ശ്രീ. കെ.എം. ബഷീറിന്റെ 08.03.2010 മുതൽ 11.08.2010 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും അലവൻസുകളും ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തി, എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി കണക്കാക്കിയും 12.08.2010 മുതൽ ടിയാൻ ജോലിയിൽ തിരികെ പ്രവേശിച്ചതു വരെയുള്ള (18.08.2010) കാലയളവ് (12.08.2010 - 17.08.2010) പ്രവേശനകാലമായും ക്രമീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, പാലക്കാട് നഗരസഭ
ശ്രീ. കെ.എം ബഷീർ, സെക്രട്ടറി, പാലക്കാട് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ധനവകുപ്പ് (16.11.2016 തീയതിയിലെ Dev-1/289/2016/Fin നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**